സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാള്യം: 60 ലക്കം: 248 2026 ജനുവരി 12 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

### വെറും ഫോണല്ല, നിധിയാണ് കൈയിലുള്ളത്; 20 മിനിട്ടുകൾക്കുള്ളിൽ ഫോണിൽ നിന്ന് സ്വർണം വേർതിരിച്ചെടുക്കാം

ബീജിംഗ്: ദിനംപ്രതി സ്വർണവില കൂടിവരികയാണ്. ഇന്ന് പവന് 1,240 രൂപ കൂടി 104,240 രൂപയും ഗ്രാമിന് 155 രൂപ ഉയർന്ന് 13,030 രൂപയുമായി. ഈ മാസത്തെ ഇതുവരെയുള്ള ഏറ്റവും ഉയർന്ന സ്വർണനിരക്കാണിത്. സ്വർണം ഇനി വാങ്ങാൻ കഴിയുമോയെന്നാണ് പലരുടെയും സംശയം.

എന്നാൽ കൈയിലുള്ള ഫോണിൽവരെ സ്വർണമുണ്ടെന്ന് നിങ്ങൾക്കറിയാമോ? അവ വേർതിരിച്ചെടുക്കാനും കഴിയും. മുൻപും ഇതിൽ നിരവധി പഠനങ്ങൾ നടന്നിട്ടുണ്ടെങ്കിലും ചൈനയിൽ നിന്ന് പുറത്തുവന്ന പുതിയ പരീക്ഷണമാണ് ഇപ്പോൾ ഹിറ്റായിരിക്കുന്നത്.

# പി എസ് എൽ വി സി 62 ദൗത്യം പരാജയം; മൂന്നാം ഘട്ടത്തിൽ നിയന്ത്രണം നഷ്ടമായി

ശ്രീഹരിക്കോട്ട: ഐഎസ്ആർഒയുടെ പിഎസ്എൽവി സി 62 ദൗത്യം പരാജയപ്പെട്ടു. ഭൂമിയിൽ നിന്ന് വിജയകരമായി കുതിച്ചുയർന്ന റോക്കറ്റ് പിന്നീട് വിക്ഷേപണ പാതയിൽ നിന്ന് വ്യതിചലിക്കുകയും മൂന്നാംഘട്ടത്തിൽ നിയന്ത്രണം നഷ്ടമാകുകയും ചെയ്തതായി ഐഎസ്ആർഒ അറിയിച്ചു. ഐഎസ്ആർഒയുടെ 2026ലെ ആദ്യവിക്ഷേപണമായിരുന്നു ഇത്. തുടർച്ചയായി രണ്ടാം തവണയാണ് പിഎസ്എൽവി വിക്ഷേപണം പരാജയപ്പെടുന്നത്.



കഴിഞ്ഞ വർഷം മേയിലാണ് ഭൗമനിരീക്ഷണ ഉപഗ്രഹമായ ഇഒഎസ് – ഒ ഭ്രമണപഥത്തിൽ എത്തിക്കാനുള്ള പിഎസ്എൽവി – സി 61 ദൗത്യം പരാജയപ്പെട്ടത്. ഇന്നത്തേതിന് സമാനമായി വിക്ഷേപണത്തിന്റെ മൂന്നാം ഘട്ടത്തിൽ തന്നെയാണ് അന്നും പ്രശ്നം നേരിട്ടത്. സോളിഡ് മോട്ടോർ ചേംബർ മർദത്തിൽ അസാധാരണമായ കുറവുണ്ടായതാണ് അന്ന് ദൗത്യം പരാജയപ്പെടാൻ കാരണമായത്.

ഭൗമനിരീക്ഷണത്തിനായുള്ള 'അന്വേഷ' ഉൾപ്പെടെ 16 ഉപഗ്രഹങ്ങളാണ് പിഎസ്എൽ വി സി 62 ദൗത്യത്തിലൂടെ ബഹിരാകാശത്ത് എത്തേണ്ടിയിരുന്നത്. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിലെ ഒന്നാം വിക്ഷേപണത്തറയിൽ നിന്ന് ഇന്ന് രാവിലെ 10.17നാണ് പിഎസ്എൽവി സി 62 വിക്ഷേപിച്ചത്.

'അന്വേഷ' തന്നെയായിരുന്നു ദൗത്യത്തിലെ പ്രധാന ഉപഗ്രഹം. ഇതിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ ഇന്ത്യയുടെ പ്രതിരോധ ഗവേഷണ സംഘടനയ്ക്ക് (ഡിആർഡിഒ) ഉപയോഗിക്കാനുള്ളതായിരുന്നു. 511 കിലോമീറ്റർ ഉയരെയുള്ള ഭ്രമണപഥത്തിൽ ഭൂമിയെ ചുറ്റുന്ന 'അന്വേഷ'യുടെ വിശദാംശങ്ങൾ ഐഎസ്ആർഒ പുറത്തുവിട്ടിട്ടില്ല.

ഇന്ത്യയിൽ നിന്നും വിദേശ രാജ്യങ്ങളിൽ നിന്നുമുള്ളവയാണ് അന്വേഷയ്ക്ക് പുറമേയുള്ള മറ്റ് ഉപഗ്രഹങ്ങൾ. ഐഎസ്ആർഒയുടെ വാണിജ്യവിഭാഗമായ ന്യൂസ്പേസ് ഇന്ത്യ ലിമിറ്റഡ് മുഖേനെയാണ് ഈ കൃത്രിമോപഗ്രഹങ്ങൾ വിക്ഷേപണത്തിനെത്തിയത്. സ്പാനിഷ് സ്റ്റാർട്ടപ്പിന്റെ റീ എൻട്രി ക്യാപ്സ്യൂളും ഇന്നത്തെ വിക്ഷേപണത്തിൽ ഉൾപ്പെട്ടിട്ടുണ്ട്.

ബഹിരാകാശത്ത് നിന്ന് കുറഞ്ഞ ചെലവിൽ ഭൂമിയിലേക്ക് സുരക്ഷിതമായി തിരികെ എത്തിക്കാനുള്ള പുതിയൊരു സാങ്കേതികവിദ്യയുടെ പരീക്ഷണത്തിനായാണ് കിഡ് എന്ന റീ എൻട്രി ക്യാപ്സ്യൂൾ അയക്കുന്നത്. വിക്ഷേപണത്തിന് രണ്ട് മണിക്കൂറിനകം ക്യാപ്സ്യൂൾ ഭൂമിയുടെ അന്തരീക്ഷത്തിലേക്ക് തിരികെ പ്രവേശിക്കുകയും ദക്ഷിണ പസഫിക് സമുദ്രത്തിൽ സുരക്ഷിതമായി പതിക്കുകയും ചെയ്യും.

### വിദ്യാർഥിനി സ്കൂൾ കെട്ടിടത്തിൽ നിന്നും താഴേക്ക് ചാടി

കണ്ണൂർ: കണ്ണൂർ പയ്യാവൂരിൽ വിദ്യാർഥിനി സ്കൂൾ കെട്ടിടത്തിൽ നിന്നും താഴേക്ക് ചാടി. പയ്യാവൂർ സേക്രട്ട് ഹാർട്ട് ഹയർ സെക്കൻഡറി സ്കൂളിലെ പ്ലസ്ടു സയൻസ് വിദ്യാർഥിയാണ് താഴേക്ക് ചാടിയത്. ഇന്ന് രാവിലെ എട്ട് മണിയോടെയാണ് സംഭവം. ഗുരുതരമായി പരിക്കേറ്റ കുട്ടിയെ കണ്ണൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. നിലവിൽ കുട്ടി തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലാണ്. കഴിഞ്ഞ കുറച്ചു ദിവസങ്ങളായി കുട്ടിയെ കുടുംബപരമായ പ്രശ്നങ്ങൾ അലട്ടിയിരുന്നതായാണ് വിവരം. ലാബ് മോഡൽ പരീക്ഷ ഇന്ന് നടക്കാനിരിക്കെയാണ് സംഭവം.

### പെട്ടി ഓട്ടോറിക്ഷയിൽ സ്വകാര്യ ബസ് ഇടിച്ച് അപകടം

തൃശ്ശൂർ: ദേശീയപാതയിൽ കയ്പമംഗലം പനമ്പിക്കുന്നിൽ സിമന്റുമായി പോയിരുന്ന പെട്ടി ഓട്ടോയ്ക്ക് പിന്നിൽ സ്വകാര്യ ബസിടിച്ച് പെട്ടി ഓട്ടോറിക്ഷ തലകീഴായി മറിഞ്ഞു. ഓട്ടോ ഡ്രൈവർക്ക് ഗുരുതര പരിക്ക്. കൈപ്പമംഗലം പള്ളിനട സ്വദേശി ജമാലുവിനാണ് പരിക്കേറ്റത്.

# 5 കി. മീ പരിധിയിൽ 36 പള്ളിയുണ്ടെങ്കിലെന്ത്? മലപ്പുറം പള്ളി വിഷയത്തിൽ ഹൈക്കോടതി വിധിക്കെതിരേ സുപ്രീംകോടതി

ന്യൂഡൽഹി: നൂറ് മുസ്ലിം പള്ളികളുണ്ടെന്ന് ചൂണ്ടിക്കാട്ടി പുതിയൊരു പള്ളിക്ക് എങ്ങനെ അനുമതി നിഷേധിക്കാനാകുമെന്ന് സുപ്രീംകോടതി. കേരള ഹൈക്കോടതി ഉത്തരവിനെതിരായ ഹർജി പരിഗണിക്കവെയാണ് ജസ്റ്റിസ് ജെ.ബി. പർഡിവാല അധ്യക്ഷനായ ബെഞ്ച് ഈ ചോദ്യം ഉന്നയിച്ചത്. കേരള ഹൈക്കോടതി വിധിക്കെതിരെ നൂറുൽ ഇസ്ലാം സാംസ്കാരിക സംഘം എന്ന സംഘടന നൽകിയ ഹർജിയിൽ സുപ്രീംകോടതി നോട്ടീസയച്ചു.



മലപ്പുറം നിലമ്പൂരിൽ വാണിജ്യ കെട്ടിടം പള്ളിയാക്കിമാറ്റാൻ നൂറുൽ ഇസ്ലാം സാംസ്കാരിക സംഘം നൽകിയ അപേക്ഷ ജില്ലാ കളക്ടർ നിരസിച്ചിരുന്നു. കെട്ടിടം ഇരിക്കുന്ന പ്രദേശത്ത് അഞ്ചു കിലോമീറ്റർ ചുറ്റളവിൽ സമാനമായ 36 മുസ്ലിം പള്ളികളുണ്ടെന്ന് ചൂണ്ടിക്കാട്ടിയായിരുന്നു അപേക്ഷ നിരസിച്ചത്. ഇതിനെതിരെ നൂറുൽ ഇസ്ലാം സാംസ്കാരിക സംഘം ഹൈക്കോടതിയെ സമീപിച്ചെങ്കിലും കളക്ടറുടെ നിലപാട് ഹൈക്കോടതി ശരിവയ്ക്കുകയായിരുന്നു. ഇതിനെതിരെയാണ് നൂറുൽ ഇസ്ലാം സാംസ്കാരിക സംഘം സുപ്രീംകോടതിയെ സമീപിച്ചത്.

ഹർജി പരിഗണിച്ച ജസ്റ്റിസ്മാരായ ജെ.ബി. പർഡിവാല, അലോക് ആർദരേ എന്നിവരടങ്ങിയ ബെഞ്ചാണ് ഹൈക്കോടതി വിധിയെ പരോക്ഷമായി വിമർശിച്ചത്. നൂറ് മുസ്ലിം പള്ളികളുണ്ടെന്ന് ചൂണ്ടിക്കാട്ടി പുതിയൊരു പള്ളിക്ക് അനുമതി നിഷേധിക്കാൻ ഹൈക്കോടതിക്ക് എങ്ങനെയാകുമെന്ന് സുപ്രീംകോടതി ആരാഞ്ഞു. നിലവിലെ കേസിലെ എതിർകക്ഷികൾക്ക് നോട്ടീസയച്ച സുപ്രീംകോടതി, പള്ളിയുടെ നിർമാണവുമായി ബന്ധപ്പെട്ട നടപടികളിലേക്ക് കടക്കരുതെന്ന് നിർദേശിച്ചു.

ഈ വിഷയത്തിൽ രമ്യമായ ഒരു പരിഹാരം കണ്ടെത്തുമെന്നും കോടതി ചൂണ്ടിക്കാട്ടി. ഹർജിക്കാർക്കുവേണ്ടി സീനിയർ അഭിഭാഷകൻ പി.ബി. സുരേഷ് കുമാർ, അഭിഭാഷകൻ ജി. പ്രകാശ് എന്നിവർ ഹാജരായി.

### കരമനയിൽ നിന്ന് കാണാതായ 14കാരിയെ ഹൈദരാബാദിൽ കണ്ടെത്തി



തിരു: കരമനയിൽ നിന്ന് കാണാതായ 14കാരിയെ കണ്ടെത്തി. കരമന കരിമുകൾ സ്വദേശി ലക്ഷ്മിയെയാണ് ഹൈദരാബാദിൽ നിന്ന് കണ്ടെത്തിയത്. കരമന പൊലീസ് ബന്ധുക്കളെ വിവരം അറിയിച്ചു. കുട്ടിയെ സുരക്ഷിത കേന്ദ്രത്തിലേയ്ക്ക് മാറ്റിയിരിക്കുകയാണ്.

വെള്ളിയാഴ്ച പുലർച്ചെയാണ് ലക്ഷ്മി വീട്ടിൽ നിന്നിറങ്ങിയത്. കുട്ടി തനിയെ വീട് വീട്ടിറങ്ങുകയായിരുന്നു എന്നാണ് പ്രാഥമിക നിഗമനം. സിസി ടിവി ദൃശ്യങ്ങളിൽ കുട്ടി തമ്പാനൂർ റെയിൽവേ സ്റ്റേഷനിൽ എത്തിയതായി പൊലീസ് കണ്ടെത്തിയിരുന്നു. കുട്ടിയുടെ പക്കൽ മൊബൈൽ ഫോൺ ഇല്ലാത്തതും പൊലീസിന് അന്വേഷണത്തിന് വെല്ലുവിളി ഉയർത്തിയിരുന്നു. സിസി ടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ചും മറ്റ് റെയിൽവേ സ്റ്റേഷനുകളിലെ വിവരങ്ങൾ ശേഖരിച്ചും നടത്തിയ അന്വേഷണത്തിനൊടുവിലാണ് കുട്ടിയെ കണ്ടെത്തിയത്.

### ഇന്ന് വിവാഹിതനാകേണ്ട യുവാവിന് ബൈക്കപകടത്തിൽ ദാരുണാന്ത്യം

തിരു : ഇന്ന് വിവാഹിതനാകാനിരിക്കെ യുവാവ് ബൈക്കപകടത്തിൽ മരിച്ചു. ചെമ്പഴന്തി ചെല്ലമംഗലം സ്വദേശി രാഗേഷ് (28) ആണ് തിരുവനന്തപുരം ശ്രീകാര്യത്ത് കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ് ബസ്സും ബൈക്കും കൂട്ടിയിടിച്ച് മരിച്ചത്. ഇന്ന് പുലർച്ചെ ഒരു മണിയോടെ പാങ്ങപ്പാറ മാങ്കുഴിയിലായിരുന്നു അപകടം.



ഏറെക്കാലമായി പ്രണയത്തിലായിരുന്ന രാഗേഷിന്റെയും പ്രതിശ്രുത വധുവിന്റെയും വിവാഹത്തിന് ഇരുവീട്ടുകാരും എതിരായിരുന്നു. തുടർന്ന് ഇന്ന് ക്ഷേത്രത്തിൽ വച്ച് താലികെട്ടി വിവാഹം റജിസ്റ്റർ ചെയ്യാനായിരുന്നു തീരുമാനം. ഇതിനിടെ, ഇന്നലെ രാത്രി ബന്ധുവീട്ടിൽ പോയി മടങ്ങവേ രാഗേഷ് സഞ്ചരിച്ച ബൈക്ക് ബസിൽ ഇടിക്കുകയായിരുന്നു. ബൈക്ക് അമിത വേഗതയിലായിരുന്നുവെന്ന് ദൃക്സാക്ഷികൾ പറഞ്ഞു. ചാർജ് ചെയ്ത് മടങ്ങുകയായിരുന്ന കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ് ഇലക്ട്രിക് ബസിലാണ് ബൈക്ക് ഇടിച്ചത്. അപകടത്തിൽ ബൈക്ക് പൂർണമായും തകർന്നു.

# ആർഎസി ഇല്ല; വന്ദേഭാരത് സ്ലീപ്പർ ടിക്കറ്റ് നിരക്കുകൾ പുറത്തുവിട്ട് ഇന്ത്യൻ റെയിൽവേ

ന്യൂഡൽഹി: വന്ദേഭാരത് സ്ലീപ്പർ ടിക്കറ്റ് നിരക്ക് പ്രസിദ്ധീകരിച്ച് ഇന്ത്യൻ റെയിൽവേ. ആർ എ സിയും വെയ്റ്റിംഗ് ലിസ്റ്റും ഉണ്ടാകില്ല. തേർഡ് എസിക്ക് 960 രൂപയാണ് ഏറ്റവും കുറഞ്ഞനിരക്ക്. സെക്കൻഡ് എസിക്ക് 1240 രൂപയും നൽകണം. ഫസ്റ്റ് എസിക്ക് 1520 രൂപയാണ് നിരക്ക്.

പുതുവർഷ സമ്മാനമെന്ന നിലയിൽ കൊൽക്കത്ത – ഗുവാഹത്തി റൂട്ടിലാണ് ആദ്യത്തെ വന്ദേഭാരത് സ്ലീപ്പർ ക്ലാസ് ട്രെയിൻ പ്രഖ്യാപിച്ചിരിക്കുന്നത്. അധികം വൈകാതെ തന്നെ ട്രെയിനിന്റെ ഫ്ളാഗ് ഓഫ് പ്രധാനമന്ത്രി നരേന്ദ്ര മോദി നിർവഹിക്കും.

'യാത്രക്കാരിൽ നിന്ന് തേർഡ് എസിക്ക് കിലോമീറ്ററിന് 2.4 രൂപയും, സെക്കൻഡ് എസിക്ക് കിലോമീറ്ററിന് 3.1 രൂപയും, ഫസ്റ്റ് എസിക്ക് കിലോമീറ്ററിന് 3.8 രൂപയും ഈടാക്കും. അതിനാൽ, 400 കിലോമീറ്റർ വരെ ദൂരമുള്ള വന്ദേ ഭാരത് സ്ലീപ്പർ ട്രെയിനിന്റെ ഏറ്റവും കുറഞ്ഞ നിരക്ക് 3തേർഡ് എസിക്കുള്ള 960 രൂപയും, സെക്കൻഡ് എസിക്ക് 1,240 രൂപയും, ഫസ്റ്റ് എസിക്ക് 1,520 രൂപയുമായിരിക്കും. ചരക്ക് സേവന നികുതി (ജിഎസ്ടി) പ്രത്യേകം ഈടാക്കും.'– അധികൃതർ അറിയിച്ചു.

വന്ദേഭാരത് സ്ലീപ്പർ ട്രെയിൻ ടിക്കറ്റുകളുടെ നിരക്ക് നിലവിലുള്ള രാജധാനി എക്സ്പ്രസ് പോലുള്ള പ്രീമിയം ട്രെയിനുകളേക്കാൾ അല്പം കൂടുതലാണ്. കൂടാതെ മറ്റ് പല ട്രെയിനുകളിലും 400 കിലോമീറ്റർ ദൂരത്തിന് ഈടാക്കുന്നതിന് തുല്യമായിരിക്കും ഇതിന്റെ കുറഞ്ഞനിരക്ക്.

മറ്റ് എക്സ്പ്രസ് ട്രെയിനുകളിലെ എസി ക്ലാസിൽ വെയിറ്റിംഗ് ലിസ്റ്റിലുള്ള ടിക്കറ്റുകൾ വന്ദേ ഭാരതിൽ സ്വീകരിക്കില്ല. ആർഎസി പ്രകാരം, രണ്ട് യാത്രക്കാർക്ക് ഒരു സൈഡ് ലോവർ ബെർത്ത് പങ്കിടാൻ അനുവാദമുണ്ട്. മറ്റ് ട്രെയിനുകളെപ്പോലെ വന്ദേ ഭാരത് സ്ലീപ്പറിലും ജീവനക്കാർക്കുള്ള ഡ്യൂട്ടി പാസ് ക്വാട്ടയ്ക്ക് പുറമേ സ്ത്രീകൾ, വികലാംഗർ, മുതിർന്ന പൗരന്മാർ എന്നിവർക്കായി ക്വാട്ട ഉണ്ടായിരിക്കും.

# ഭൂട്ടാൻ വാഹനക്കടത്ത്: സംസ്ഥാനത്ത് ആദ്യ കേസ് കൊച്ചിയിൽ

കൊച്ചി: ഭൂട്ടാനിൽനിന്നുള്ള വാഹനങ്ങളുടെ അനധികൃത കടത്തിൽ സംസ്ഥാനത്ത് ആദ്യ കേസ് കൊച്ചിയിൽ രജിസ്റ്റർ ചെയ്തു. കൊച്ചി സ്വദേശി മുഹമ്മദ് യഹ്യയുടെ പരാതിയിൽ കൊച്ചി സെൻട്രൽ പൊലീസാണ് കേസെടുത്തത്. ഇന്ത്യൻ എംബസിയുടെ വാഹനമെന്ന് വിശ്വസിപ്പിച്ച് ഭൂട്ടാനിൽ നിന്ന് കൊണ്ടുവന്ന ലാൻഡ് ക്രൂയിസർ നൽകി പണം തട്ടിയെന്നാണ് കേസ്. ഡൽഹി സ്വദേശി രോഹിത് ബേദിക്കെതിരേയാണ് പൊലീസ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

14 ലക്ഷം രൂപയ്ക്കാണ് മുഹമ്മദ് യഹ്യ ലാൻഡ് ക്രൂയിസർ വാങ്ങിയത്. നേരത്തെ കസ്റ്റംസ് നടത്തിയ പരിശോധനയിൽ മുഹമ്മദ് യഹ്യയുടെ വാഹനം കസ്റ്റംസ് പിടിച്ചെടുത്തിരുന്നു. തുടർന്നാണ് ഇയാൾ പരാതി നൽകിയത്. കസ്റ്റംസിന്റെ കൊച്ചി ഓഫിസ് ഭൂട്ടാൻ വാഹനക്കടത്തുമായി ബന്ധപ്പെട്ട് നടപടികൾ തുടങ്ങിയശേഷം എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും അന്വേഷണം തുടങ്ങിയിരുന്നു. ഭൂട്ടാനിൽനിന്ന് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലേക്ക് വ്യാജരേഖ ചമച്ചും നികുതിവെട്ടിച്ചും ആയിരത്തോളം ആഡംബര വാഹനം കടത്തിയെന്ന നിഗമനത്തിൽ കസ്റ്റംസ്. വിദേശ ആഡംബര വാഹനങ്ങൾ ഭൂട്ടാനിൽ ഇറക്കുമതി ചെയ്യുമ്പോൾ ചില ഇളവുകളുണ്ട്. അതുകൊണ്ട് വാഹനങ്ങൾ ഭൂട്ടാനിൽ വ്യാജ മേൽവിലാസം ഉണ്ടാക്കി രജിസ്റ്റർ ചെയ്യും. തുടർന്നാണ് അതിർത്തി കടത്തുന്നത്. കരസേന, ഇന്ത്യൻ എംബസി എന്നിവയുടെ വ്യാജരേഖ ഉണ്ടാക്കി ഹിമാചൽ, അരുണാചൽ, യുപി സംസ്ഥാനങ്ങളിലാണ് രജിസ്റ്റർ ചെയ്യുന്നത്. അവിടെനിന്ന് ഇന്ത്യയിലെ പല ഭാഗങ്ങളിലേക്കെത്തിക്കുന്നതാണ് രീതി.

കേരളത്തിൽ നൂറ്റമ്പതോളം വാഹനങ്ങൾ എത്തിയിട്ടുണ്ടെന്നാണ് കസ്റ്റംസ് പറയുന്നത്. ഇതുവരെ പിടിച്ചെടുത്തത് 38 എണ്ണമാണ്. കടത്തിക്കൊണ്ടുവരുന്ന വാഹനം ഇന്ത്യയിൽ 30 ശതമാനം വില കൂട്ടിയാണ്വിൽക്കുന്നത്അപ്പോഴും, വാങ്ങുന്നവർക്ക്വാഹനവിലയിലും ഇറക്കുമതി തീരുവയിലും ലക്ഷങ്ങളുടെ ലാഭമുണ്ട് ലാൻഡ് ക്രൂയിസർ, ലാൻഡ് റോവർ, നിസാൻ പട്രോൾ, ഡിഫൻഡർ, ടൊയോട്ട പ്രാഡോ തുടങ്ങി എട്ടുതരം എസ്യുവികളാണ് കേരളത്തിലെത്തിച്ചത്.

# കേരളത്തോട് പകപോക്കുന്ന കേന്ദ്രത്തിന് കോൺഗ്രസ് പിന്തുണ നൽകുന്നു: മുഖ്യമന്ത്രി

തിരു : കേരളത്തോട് പകപോക്കുന്ന രീതിയിലാണ് കേന്ദ്രസർക്കാർ പെരുമാറുന്നതെന്നും ഇതിന് പിന്തുണ നൽകുന്ന സമീപനമാണ് കോൺഗ്രസ് നേതൃത്വത്തിലുള്ള യുഡിഎഫ് സ്വീകരിക്കുന്നതെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. എൽഡിഎഫ് അധികാരത്തിലിരിക്കുമ്പോൾ നാട് മുന്നോട്ട് പോകാൻ പാടില്ലെന്ന ഹീനബുദ്ധി മനസിൽ വെച്ചുക്കൊണ്ടുള്ള സമീപനമാണ് ഇവർ തുടരുന്നതെന്നും അദ്ദേഹം പറഞ്ഞു. പാളയം രക്തസാക്ഷി മണ്ഡപത്തിന് മുന്നിൽ നടക്കുന്ന സത്യഗ്രഹ സമരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.




കേരളത്തിന്റെ ആവശ്യങ്ങൾക്ക് വേണ്ടിയുള്ള പ്രക്ഷോഭമാണ് നടക്കുന്നത്. ഈ നാടിനെ തകർക്കരുത്, നാടിന് അർഹതപ്പെട്ടത് നിഷേധിക്കരുത് എന്നാണ് കേരളം ആവശ്യപ്പെടുന്നത്. അനർഹമായ ഒന്നും കേരളം ആവശ്യപ്പെടുന്നില്ല. കേരളത്തോട് താൽപര്യമുള്ള എല്ലാവരും ഈ അവഗണനയ്ക്കെതിരെ ഒന്നിച്ചു ശബ്ദമുയർത്തണം. നിർഭാഗ്യവശാൽ കേരളത്തിലെ ചില വിഭാ?ഗങ്ങൾ ഇതിന് തയ്യാറാവുന്നില്ല. ബിജെപിയും കോൺഗ്രസും കേരളത്തോടുള്ള കേന്ദ്രത്തിന്റെ പകപോക്കലിന് കൂടെ നിൽക്കുകയാണ്. അത്യന്തം നിർഭാഗ്യകരമായ നിലപാടാണിത്. ഇതോടെയാണ് ഇത്തരമൊരു പോരാട്ടത്തിലേക്ക് കടക്കേണ്ടിവന്നത്.

മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ രാവിലെ 10 മുതൽ വൈകിട്ട് അഞ്ചു വരെ പാളയം രക്തസാക്ഷി മണ്ഡപത്തിന് മുന്നിലാണ് സത്യഗ്രഹ സമരം നടക്കുന്നത്. മന്ത്രിമാരും ജനപ്രതിനിധികളും എൽഡിഎഫ് നേതാക്കളും സമരത്തിൽ അണിനിരന്നു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുമ്പ് ഡൽഹിയിൽ നടത്തിയ സമരത്തിന്റെ തുടർച്ചയാണ് സമരം.

# 'ഇത് ഉമ്മൻ ചാണ്ടിയുടെ വിജയം; മകനെ ഒഴിവാക്കാൻ രാഹുൽ സകല ശ്രമവും നടത്തി, കല്ലറയിൽ അഭിനയിച്ചുതകർത്തു'

തിരു : രാഹുൽ മാങ്കൂട്ടത്തിലിന്റെ അറസ്റ്റ് ഉമ്മൻചാണ്ടിയുടെകൂടി വിജയമെന്ന് യുവനടി റിനി ആൻ ജോർജ്. രാഹുൽ മാങ്കൂട്ടത്തിലിനെ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുമായി താരതമ്യം ചെയ്യുന്നത് ശരിയാണോ എന്ന ചോദ്യവുമായാണ് റിനിയുടെ ഫേസ്ബുക്ക് പോസ്റ്റ്.



സ്വയം അഭിനയിച്ച് ഉമ്മൻ ചാണ്ടിയായി അവരോധിക്കാൻ രാഹുൽ നാടകം നടത്തുകയാണ്. കോൺഗ്രസിനെ തോൽപ്പിക്കുകയല്ല തന്റെ ലക്ഷ്യം. കോൺഗ്രസിന്റെ അന്തസ്സിനെ നശിപ്പിക്കുന്ന ഹിംസാത്മകമായ പ്രവണതകളെ ഇല്ലാതാക്കുകയാണെന്ന് റിനി ഫേസ്ബുക്കിൽ കുറിച്ചു. ഇതിൽ ഏറ്റവും ആനന്ദിക്കുന്നത് ഉമ്മൻ ചാണ്ടിയുടെ ആത്മാവ് ആയിരിക്കുമെന്നും ഫേസ്ബുക്ക് കുറിപ്പിൽ പറയുന്നു.

യൂത്ത് കോൺഗ്രസ് അധ്യക്ഷനാകാൻ ഉമ്മൻ ചാണ്ടി നിർദേശിച്ചിരുന്നത് മറ്റൊരാളുടെ പേരായിരുന്നു. എന്നാൽ, അത് അട്ടിമറിക്കപ്പെട്ടു. ഉമ്മൻ ചാണ്ടിയുടെ കല്ലറയിലും ഗീവർഗീസ് പുണ്യാളന്റെ പള്ളിയിലും വരെ രാഹുൽ അഭിനയിച്ച് തകർത്തു. എന്നാൽ, അധ്യക്ഷ സ്ഥാനത്തിന്റെ കാലാവധി പൂർത്തീകരിക്കാൻ രാഹുലിന് സാധിച്ചില്ലെന്നും റിനി ഫേസ്ബുക്കിൽ കുറിച്ചു. ഉമ്മൻ ചാണ്ടിയുടെ പിൻഗാമി എന്ന് അവകാശപ്പെടുമ്പോഴും അദ്ദേഹത്തിന്റെ സ്വന്തം മകനെ പോലും ഒഴിവാക്കാനുള്ള സകല പരിശ്രമങ്ങളും നടത്തിയെന്നും റിനി ആരോപിച്ചു. പൈശാചികവും നിഷ്ഠൂരവുമായ ലൈംഗിക പീഡനത്തിന് വിധേയയാക്കി എന്ന് പെൺകുട്ടികൾത്തന്നെ സാക്ഷ്യപ്പെടുത്തുന്ന മൊഴികൾ പുറത്തുവന്നിട്ടും ഇത്തരത്തിലുള്ള ഒരു വ്യക്തിയുമായി ഉമ്മൻ ചാണ്ടിയേപ്പോലെ ഒരു നേതാവിനെ താരതമ്യപെടുത്തുന്നത് ന്യായമാണോ എന്ന ചോദ്യവും റിനി ഉയർത്തുന്നുണ്ട്.

# രാഹുൽ മാങ്കൂട്ടത്തിൽ കേസിൽ പൊലീസിനോട് 10 ചോദ്യങ്ങളുമായി ടി.പി. സെൻകുമാർ

തിരു : പ്രവാസി യുവതിയുടെ ലൈംഗിക പീഡന പരാതിയിൽ രാഹുൽ മാങ്കൂട്ടത്തിൽ എം.എൽ.എയെ പൊലീസ് അറസ്റ്റ് ചെയ്തത് നടപടിക്രമങ്ങൾ പാലിക്കാതെയാണെന്ന് മുൻ ഡി.ജി.പിയും ബി.ജെ.പി നേതാവുമായ ടി.പി. സെൻകുമാർ. മുഖ്യമന്ത്രിയോട് പരാതിക്കാരി നടത്തുന്ന പരിദേവനം എങ്ങിനെ ആണ് ക്രിമിനൽ നടപടി ആവുക എന്നതടക്കം 10 ചോദ്യങ്ങൾ സെൻകുമാർ പൊലീസിനോട് ഉന്നയിച്ചു.

ബി എൻ എസ് എസ്, വകുപ്പ് 184(1) പ്രകാരം കേസ് എടുത്ത തിയതി മുതൽ 24 മണിക്കൂറിനകം അതിജീവിതയെ വൈദ്യ പരിശോധന നടത്തിയോ? വൈദ്യ പരിശോധന പോലും നടത്താതെ എങ്ങിനെ ആണ് വകുപ്പ് 35(1)(b) പ്രകാരം പരാതി വിശ്വാസ യോഗ്യം ആകുക? എങ്ങിനെ ആണ് വകുപ്പ് 47(1) പ്രകാരം അറസ്റ്റിന്റെ കാരണങ്ങൾ അറിയിക്കാൻ കഴിയുക? എങ്ങിനെ ആണ് 187(1) പ്രകാരം കോടതിക്ക് റിമാൻഡ് ചെയ്യാൻ കഴിയുക? എന്നും സെൻകുമാർ ചോദിച്ചു. ഈ ക്രിമിനൽ നടപടിക്രമങ്ങൾ പാലിച്ചില്ലെങ്കിൽ പ്രതി രക്ഷപെട്ടു പോകുമെന്നും ഫേസ്ബുക്ക് കുറിപ്പിൽ പറയുന്നു.

# 'ജനനായകൻ' വൈകിയത് അനുഗ്രഹമായി; വർഷങ്ങളായി പെട്ടിയിലിരുന്ന ചിത്രമടക്കം പൊങ്കലിന് തിയേറ്ററിൽ

ചെന്നൈ: പൊങ്കൽ റിലീസായി എത്തേണ്ടിയിരുന്ന വിജയ് ചിത്രം കോടതി കയറിയതോടെ അവസരം മുതലെടുക്കാൻ തമിഴിലെ ചെറുചിത്രങ്ങൾ. വർഷങ്ങളായി പെട്ടിയിൽ കിടന്ന ചിത്രമടക്കം മൂന്നുചിത്രങ്ങളാണ് പൊങ്കലിന് തീയേറ്ററുകളിലെത്താനൊരുങ്ങുന്നത് വിജയ് ചിത്രത്തിനൊപ്പം ക്ലാഷ് റിലീസ് വെച്ചിരുന്ന 'പരാശക്തി' സമ്മിശ്രപ്രതികരണം നേടി പ്രദർശനം തുടരുകയാണ്.




കാർത്തിയുടെ 'വാ വാത്തിയാർ', ജീവയുടെ 'തലൈവർ തമ്പി തലൈമയിൽ', സന്താനം നായകനായ 'സെർവർ സുന്ദരം' എന്നീ ചിത്രങ്ങളാണ് പ്രദർശനത്തിനൊരുങ്ങുന്നത്. ഇതിൽ ആറു വർഷത്തിലേറെ പെട്ടിയിലിരിക്കുന്ന ചിത്രമാണ് 'സെർവർ സുന്ദരം'. പല തവണ റിലീസ് തീയതി മാറ്റിയ ചിത്രമാണ് 'വാ വാത്തിയാർ'. അതേസമയം, ജീവയുടെ ചിത്രം റിലീസ് നേരത്തേയാക്കുകയായിരുന്നു.

ആക്ഷൻ കോമഡി ഗണത്തിൽപ്പെടുന്ന 'വാ വാത്തിയാർ' ബുധനാഴ്ച തീയേറ്ററിലെത്തും. ഡിസംബർ അഞ്ചിന് തീയേറ്ററിലെത്തിക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. പിന്നീട് ഡിസംബർ 12-ലേക്ക് മാറ്റി. എന്നാൽ, നിർമാണക്കമ്പനിയുമായി ബന്ധപ്പെട്ട നിയമപ്രശ്നങ്ങളെത്തുടർന്ന് ചിത്രം റിലീസ് ചെയ്യുന്നത് മദ്രാസ് ഹൈക്കോടി സ്റ്റേ ചെയ്തു. പിന്നീട് ഡിസംബർ 24 എന്ന തീയതി പ്രഖ്യാപിച്ചെങ്കിലും അന്നും പുറത്തിറക്കാൻ സാധിച്ചില്ല.

വർഷങ്ങളോളം നീണ്ട അനിശ്ചിതത്വം അവസാനിപ്പിച്ചാണ് സന്താനത്തിന്റെ 'സെർവർ സുന്ദരം' തിയേറ്ററിലെത്തുന്നത്. തീയതി പ്രഖ്യാപിച്ചിട്ടില്ലെങ്കിലും പൊങ്കൽ അവധിക്കുതന്നെ റിലീസ് ചെയ്യുമെന്നാണ് നിർമാതാക്കൾ നൽകുന്ന സൂചന. 2020 ജനുവരി 31-നായിരുന്നു ചിത്രത്തിന്റെ ആദ്യറിലീസ് പ്രഖ്യാപിച്ചിരുന്നത്. എന്നാൽ, സാമ്പത്തിക പ്രശ്നങ്ങളേത്തുടർന്ന് റിലീസ് നീണ്ടുപോവുകയായിരുന്നു. പിന്നീട് നിർമാതാക്കളും വിതരണക്കാരും തമ്മിലെ തർക്കത്തെത്തുടർന്നും റിലീസ് കൂടുതൽ നീണ്ടു.

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



## ബി എസ് എൻ എൽ പെൻഷണേഴ്സ് കൂട്ടായ്മ



ഗുരുവായൂർ: ബി എസ് എൻ എൽ പെൻഷണേഴ്സ് കൂട്ടായ്മയുടെ 2026 വാർഷിക ഒത്തൊരുമിക്കൽ ജനുവരി 9 ന് ഭാസുരി ഇന്നിൽ അവിസ്മരണീയ മുഹൂർത്തമായി മാറി. മുതിർന്ന ഗുരുഭുത ഉദ്യോഗസ്ഥന്മാരായിരുന്ന തോമാസ് എം ഐ, നന്ദനൻ, സുബ്രമണ്യൻ,കൃഷ്ണൻ, ഗീത, അനിൽകുമാർ വി എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഭദ്രദീപം തെളിയിച്ചു പ്രാർത്ഥനയോടെ പരിപാടികൾ ആരംഭിച്ചു. റാഫി എ സി സ്വാഗതമേകി. കൃഷ്ണൻ അദ്ധ്യക്ഷം വഹിച്ചു. 36 സഹപ്രവത്തകർ ഒത്തുചേർന്നു.

ആശംസകളും വിശേഷങ്ങൾ പങ്കിടലും കലാപ്രകടനങ്ങളും ഫൺ ഗെയിമുകളും അരങ്ങേറി. തുടർന്ന് സ്വാദിഷ്ഠമായ വിരുന്നു സല്ക്കാരവും. മുഖ്യസംഘാടകൻ മോഹനൻ നന്ദി പറഞ്ഞു.

## സംസ്ഥാന സ്കൂൾ കലോത്സവം; സ്വർണ്ണ കപ്പിന് കുന്നംകുളത്ത് ഇന്ന് സ്വീകരണം

കുന്നംകുളം: ജനുവരി 14 മുതൽ 18 വരെ തൃശൂരിൽ നടക്കുന്ന 64-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ ഭാഗമായി സ്വർണ്ണക്കപ്പിന് ഇന്ന് ഉച്ചയ്ക്ക് 2 മണിക്ക് കുന്നംകുളം മോഡൽ ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ എ.സി മൊയ്തീൻ എം.എൽ. എ യുടെ നേതൃത്വത്തിൽ സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് സ്വീകരണം നൽകും.

ഘോഷയാത്രയുടെ അകമ്പടിയോടെ കുന്നംകുളം പഴയ ബസ്റ്റാൻഡിന്റെ മുൻവശത്ത് നിന്ന് സ്വർണ്ണക്കപ്പ് കുന്നംകുളം മോഡൽ ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിലേക്ക് ആനയിക്കും.

കുന്നംകുളം മുൻസിപ്പൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, മറ്റ് ജനപ്രതിനിധികൾ, പി.ടി എ, എസ്.എം.സി, എം.പി.ടി.എ, ഒ.എസ്.എ അംഗങ്ങൾ തുടങ്ങിയവർ പങ്കെടുക്കും.

117.5 പവൻ തൂക്കം വരുന്ന സ്വർണക്കപ്പുമായുള്ള ഘോഷയാത്ര കാസർകോട് നിന്നാണ് ആരംഭിച്ചത്. ജനുവരി 13-ന് കലോത്സവ വേദിയിൽ എത്തിച്ചേരും. 14-ന് രാവിലെ പത്തിന് തേക്കിൻകാട് മൈതാനത്തെ പ്രധാനവേദിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ സംസ്ഥാന കലോത്സവം ഉദ്ഘാടനം ചെയ്യും

## ട്രെയിനിൽ നിന്ന് വീണ് പരിക്ക്

തൃശൂർ: വടക്കാഞ്ചേരി റെയിൽവേ സ്റ്റേഷന് സമീപം ട്രെയിനിൽ നിന്ന് വീണ് യുവാവിന്റെ ഇടത് കൈ അറ്റ് പോയി. പരിക്കേറ്റ കണ്ണൂർ സ്വദേശിയായ യുവാവിനെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

## നിരാലംബർക്കു തണലാകുമ്പോഴാണ് ജീവിതം യഥാർത്ഥത്തിൽ ധന്യമാകുന്നത്




ഗുരുവായൂർ : മനുഷ്യർക്കിടയിൽ കാരുണ്യത്തിന്റെ പാലങ്ങൾ പണിതുയർത്തുകയും, സഹായം ആവശ്യമുള്ളവർക്കായി മനസ്സ് വെമ്പുന്ന നിമിഷങ്ങളിലൂടെയാണ് ജീവിതത്തിന്റെ യഥാർത്ഥ സാരം വെളിപ്പെടുന്നതെന്ന് സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം അഭിപ്രായപ്പെട്ടു.

വൈസ്മെൻസ് റോയൽ ക്ലബ്ബും വിഭിദ് ചാരിറ്റബിൾ ട്രസ്റ്റും സംയുക്തമായി കോട്ടപ്പടി അഭയഭവനിൽ സംഘടിപ്പിച്ച കാരുണ്യ സ്പർശ സംഗമത്തിൽ വെച്ച് ഒരു വർഷത്തേക്കുള്ള സൗജന്യ മരുന്ന് വിതരണ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ചടങ്ങിൽ വൈസ്മെൻസ് റോയൽസ് പ്രസിഡന്റ് ബെൻസൺ വിൻസെന്റ് അധ്യക്ഷത വഹിച്ചു.ഗുരുവായൂർ മുനിസിപ്പൽ ചെയർപേഴ്സൺ സുനിത അരവിന്ദൻ ഉദ്ഘാടനം ചെയ്തു.വിഭിദ് കൺവീനർ അൻവർ അബൂബക്കർ പദ്ധതി വിശദീകരണം നടത്തി.

വാർഡ് കൗൺസിലർ ലിസ്സി ബൈജു,അഭയഭവൻ ഡയറക്ടർ ഷിജു കാട്ടിൽ അച്ചൻ,ചലച്ചിത്ര പ്രവർത്തകൻ ഷാജൻ കുന്നംകുളം,വൈസ്മെൻസ് റോയൽസ് സെക്രട്ടറി സി.എ. ജീസൺ,സക്രിയ ചീരൻ,ഷാജു കോട്ടോൽ,കെ.വി.സാംസൺ എന്നിവർ പ്രസംഗിച്ചു.

### കോടതി പരസ്യം

**ബഹു: ചാലക്കുടി മുൻസിഫ് കോടതി മുമ്പാകെ**

O. S. 273/2025

ചാലക്കുടി താലൂക്ക് കൊടകര വില്ലേജ് കൊടകര ഗാന്ധി നഗർ ദേശത്ത് ജുമാമസ്ജിദിന് സമീപം താമസം ചെതലൻ വർഗ്ഗീസ് ഭാര്യ 69 വയസ്സ് ജെസ്സി വർഗ്ഗീസ്

-വാദി

സതേൺ ഗ്രീൻ ഫാമിംഗ് ആന്റ് മാർക്കറ്റിംഗ് മൾട്ടി സ്റ്റേറ്റ് ഓപ്പറേറ്റീവ് ബാങ്ക് Ltd etc

-പ്രതികൾ

മേൽ നമ്പ്രിൽ 1-ാം പ്രതി Southern Green Farming and Marketing Multi State Co- Operative Society Limited. Reg.No.MSCS/CR/286/2008 Registered Office, 65/1508, Thanveer Complex, Kozhikode represented by Managing Director, 2-ാം പ്രതി ( Managing Director, M/s Southern Green Farming and Marketing Multi State Co-Operative Society Ltd, Registered Office, 65/1508, Thanveer Complex, Near English Church, West Nadakkavu, Kozhikode, Pin 673011, 3-ാം പ്രതി CHAIRMAN, M/s Southern Green Farming and Marketing Multi State Co Operative Society Ltd, Registered Office, 65/1508, Thanveer Complex, Near English Church, West Nadakkavu, Kozhikode, Pin 673011, 4-ാം പ്രതി ( Mr. Arjun, aged about 58 years, Manager (General), Southern Green Farming and Marketing Multi State Co-Operative Society Ltd Chalakudy Branch, C. C. M. A Shopping Complex, Anamala Junction, P.O.Chalakudy, Pin 680307. എന്നിവർക്കുള്ള സമൻസ് പത്രത്തിൽ പരസ്യം ചെയ്ത് നടത്തുവാൻ കൽപ്പിച്ച് **25-2-2026** തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. ആകയാൽ മേൽ നമ്പ് അന്യായകാര്യത്തിൽ 1 മുതൽ 3 കൂടിയ പ്രതികൾക്ക് എന്തെങ്കിലും ആക്ഷേപം/മറുപടി ബോധിപ്പിക്കുവാനുണ്ടെങ്കിൽ 25.02.2026 തിയ്യതി കാലത്ത് 11.00 മണിക്ക് കോടതി മുമ്പാകെ നേരിട്ടോ അഡ്വക്കേറ്റ് മുഖേനയോ ഹാജരായി ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ നമ്പിൽ നിയമാനുസരണം തീർപ്പ് കൽപ്പിക്കുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 12-01-2026
വാദി ഭാഗം അഡ്വക്കേറ്റ്
**തങ്കച്ചൻ ജോസ്** (ഒപ്പ്) ചാലക്കുടി

## കേരള മുസ്ലിം ജമാഅത്ത് കേരള യാത്രക്ക് ചാവക്കാട് പ്രൗഢോജ്ജ്വല സ്വീകരണം:

# സംസ്കാരത്തിൽ കേരളം മികച്ച മാതൃകയാവണം: കാന്തപുരം



ചാവക്കാട്-തൃശൂർ: മനുഷ്യന്റെ ജീവിതരീതിയും മൂല്യങ്ങളും ഈ ലോകത്തിനൊന്നാകെ വെളിച്ചമാകുമ്പോഴാണ് അയാൾ സംസ്കാര സമ്പന്നനാകുന്നതെന്ന് കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ പ്രസ്താവിച്ചു. കേരള മുസ്‌ലിം ജമാഅത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന കേരള യാത്രക്ക് ചാവക്കാട് നൽകിയ സ്വീകരണ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു ജാഥാനായകൻ കൂടിയായ കാന്തപുരം. ഓരോ വാക്കുച്ചരിക്കുമ്പോഴും മറ്റു നിലയിൽ ആവിഷ്കരിക്കുമ്പോഴും താൻ നിലനിൽക്കുന്ന സമൂഹത്തെയും തന്നെത്തന്നെയും അതെങ്ങനെ ബാധിക്കുമെന്ന മുന്നാലോചനയാണ് അവനുണ്ടാകേണ്ടതെന്ന് കാന്തപുരം ഉണർത്തി. ഉയർന്ന സാക്ഷരതയും മനുഷ്യാവകാശ അവബോധവും പറഞ്ഞ് അഭിമാനിക്കുന്ന നമ്മൾ മലയാളികൾ സാംസ്കാരികതയിൽ ഏറെ പിന്നാക്കം പോയിരിക്കുന്നു. സമൂഹത്തിന്റെ എല്ലാ തട്ടിലും പലതരം ജീർണതകൾ അള്ളിപ്പിടിച്ചിരിക്കുന്നു. എങ്ങനെ അകന്നിരിക്കാമെന്നും മനുഷ്യരെ എങ്ങനെ അകറ്റി നേട്ടം കൊയ്യാമെന്ന് ചിന്തിക്കുന്നവരും സംസ്കാരത്തെ കുറിച്ച് സംസാരിക്കുന്നത് അർഥശൂന്യമാണ്. പരിഷ്കൃത സമൂഹത്തിന് വെച്ച് പൊറുപ്പിക്കാൻ പാടില്ലാത്ത പലതുമാണ് സമൂഹത്തിൽ ഇന്ന് കാണുന്നത്. വിദ്യാഭ്യാസമാണ് മനുഷ്യനെ സംസ്കാര സമ്പന്നനാക്കുന്നത്. എന്നാൽ വിദ്യാഭ്യാസമുള്ള പലരിലുമാണ് ഇന്ന് മൂല്യച്യുതി കൂടുതലായി കാണുന്നത്. ഇവരുടെ അജണ്ടയിൽ മനുഷ്യരുടെ വേദനയും വേവലാതിയും വരുന്നില്ല. നമ്മുടെ ആദ്യ പരിഗണനയിൽ നിന്ന് മനുഷ്യൻ എന്ന പ്രമേയം നഷ്ടപ്പെട്ടു പോയാൽ സംസ്കാരികമായി ജീർണതപ്പെട്ടുവെന്ന് വിലയിരുത്തി വീണ്ടു വിചാരത്തിന് മുതിരണമെന്നും കാന്തപുരം ഓർമിപ്പിച്ചു. വെറുപ്പിന്റെ രാഷ്ട്രീയം നമുക്ക് പറ്റില്ല. കേരളീയരായ നമ്മൾ എല്ലാ മത-രാഷ്ട്രീയ വർഗീയതയെയും തള്ളിക്കളയണം. സമൂഹത്തിൽ ഛിദ്രത സൃഷ്ടിക്കുന്ന ഒന്നിനും കൂട്ടുനിൽക്കരുത്. എല്ലാ മനുഷ്യരെയും ചേർത്തുപിടിക്കുന്ന മികച്ച മാതൃകയായി രാജ്യത്ത് കേരളം മുന്നേറണം - കാന്തപുരം കൂട്ടിച്ചേർത്തു.

കേരളയാത്രയെ പത്താം ദിവസം തൃശൂർ ജില്ലാ അതിർത്തിയായ ചെറുതുരുത്തിയിൽ സയ്യിദ് ഫസൽ തങ്ങളുടെയും താഴപ്ര മൊയ്തീൻ കുട്ടി മുസ്‌ലിയാരുടെയും നേതൃത്വത്തിൽ ഉപഹാരം നൽകി സ്വീകരിച്ചു. ജില്ലാ നേതാക്കളും നൂറുകണക്കിന് പ്രവർത്തകരും യാത്രയെ ചാവക്കാട്ടേക്ക് ആനയിച്ചു. വഴിയോരങ്ങളിൽ വൻ ജനാവലി യാത്രയെ എതിരേറ്റു. തൃശൂരിൽ സ്നേഹ വിരുന്നും ചാവക്കാട് നഗരത്തിൽ റാലിയും സെന്റിനറി ഗാർഡ് പരേഡും നടന്നു. ചാവക്കാട് പറവണ്ണ മുഹ്‌യിദ്ദീൻ കുട്ടി മുസ്‌ലിയാർ നഗരിയിൽ നടന്ന സ്വീകരണ സമ്മേളനത്തിലേക്ക് ആയിരങ്ങൾ ഒഴുകിയെത്തി. സയ്യിദ് അലി ബാഫഖി തങ്ങൾ പ്രാർത്ഥന നടത്തി. താഴപ്ര മുഹ് യിദ്ധീൻ കുട്ടി മുസ്‌ലിയാർ അദ്ധ്യക്ഷത വഹിച്ചു. റവന്യൂ മന്ത്രി കെ രാജൻ ഉദ്ഘാടനം ചെയ്തു. യാത്രാ നായകൻമാരായ സയ്യിദ് ഇബ്റാഹീം ഖലീൽ അൽ ബുഖാരി, പേരോട് അബ്ദുറഹ്മാൻ സഖാഫി പ്രഭാഷണം നടത്തി.

എ സി മൊയ്തീൻ എം എൽ എ, പി ബാല ചന്ദ്രൻ എം എൽ എ, മുരളി പെരുനെല്ലി എം എൽ എ, പി എസ് കെ മൊയ്തു ബാഖവി, ടി എൻ പ്രതാപൻ, കെ വി അബ്ദുൽ ഖാദർ, സി എച്ച് റഷീദ് സംസാരിച്ചു. സയ്യിദ് ഫസൽ തങ്ങൾ സ്വാഗതവും അഡ്വ. പി യു അലി നന്ദിയും പറഞ്ഞു. കേരളയാത്രക്ക് ജനുവരി 11ന് എറണാകുളം മറൈൻ ഡ്രൈവ്, 12ന് തൊടുപുഴ, 13ന് കോട്ടയം, 14ന് രാവിലെ 10 മണിക്ക് പത്തനംതിട്ട, അഞ്ചുമണിക്ക് കായംകുളം, 15 ന് കൊല്ലം എന്നിവിടങ്ങളിൽ സ്വീകരണം നൽകും. 16ന് വൈകുന്നേരം 5 മണിക്ക് തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനിയിലാണ് സമാപനം.

## റേഡിയോഗ്രാഫർ ട്രെയ്നി നിയമനം

തൃശ്ശൂർ ഗവ. ഡെന്റൽ മെഡിക്കൽ കോളേജിൽ റേഡിയോഗ്രാഫർ ട്രെയ്നി നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഡിപ്ലോമ ഇൻ റേഡിയോളജി ടെക്നോളജി അല്ലെങ്കിൽ ഡി.ആർ.ആർ.ടി/ സി.ആർ.എ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ജനുവരി 14 ന് രാവിലെ 11 മണിക്ക് തൃശ്ശൂർ ഗവ. ഡെന്റൽ മെഡിക്കൽ കോളേജ് ഓഫീസിൽ അഭിമുഖം നടക്കും. താത്പര്യമുള്ളവർ എല്ലാ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം അഭിമുഖത്തിന് ഹാജരാവുക. 5000 രൂപയാണ് പ്രതിമാസ വേതനം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0487 2206200.

## പത്താമത് സായുധ സേന വെറ്ററൻസ് ദിനാഘോഷം

തൃശൂർ: പത്താമത് സായുധസേന വെറ്ററൻസ് ദിനാഘോഷം ജനുവരി 14-ന് രാവിലെ പത്ത് മണിക്ക് തൃശൂർ കുട്ടനെല്ലൂർ ഇ.സി.എച്ച്.എസ് പോളി ക്ലിനിക്കിൽ നടക്കും. ജനറൽ ഓഫീസർ കമാൻഡിംഗ്, കേരള & കർണാടക സബ് ഏരിയയുടെ പേരിൽ ഗോൾഡൻ പാം കാന്റീൻ (ആർമി കാന്റീൻ) യും ഇ.സി.എച്ച്.എസ് തൃശൂരും സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്. സ്വാർത്ഥരഹിതമായ സേവനത്തിനും ത്യാഗങ്ങൾക്കും വേണ്ടി മുൻ സൈനികർക്ക് ആദരവ് അർപ്പിക്കുകയും, ഈ ധീര സേനാനികളുടെ അടുത്ത ബന്ധുക്കളോടുള്ള ഐക്യദാർഢ്യം ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ് പരിപാടി

## അലങ്കാരപന്തലിന്റെ കാൽ നാട്ടുകർമ്മം



ഇരിങ്ങാലക്കുട : എസ് എൻ ബി എസ് സമാജം ശ്രീ വിശ്വനാഥപുരം ക്ഷേത്രത്തിലെ കാവടി പൂര മഹോത്സവത്തോടനുബന്ധിച്ചുള്ള ബഹുനില അലങ്കാരപന്തലിന്റെ കാൽ നാട്ടുകർമ്മംഫ്രന്റാന ഹോട്ടലിന്റെ ചെയർമാനും, മാനേജിംഗ് ഡയറക്ടറുമായ പോളശ്ശേരി സുധാകരൻ നിർവ്വഹിച്ചു. ചടങ്ങിൽ എസ് എൻ ബി എസ് സമാജം പ്രസിഡണ്ട് എൻ ബി കിഷോർ കുമാർ, സെക്രട്ടറി എം കെ വിശ്വഭരൻ, ട്രഷറർ വേണു തോട്ടുങ്ങൽ, മുകുന്ദപുരം എസ് എൻ ഡി പി യൂണിയൻ പ്രസിഡണ്ട് സി ഡി. സന്തോഷ് ചെറാക്കുളം, സെക്രട്ടറി കെ കെ ചന്ദ്രൻ, യോഗം കൗൺസിലർ പി കെ പ്രസന്നൻ, മേൽശാന്തി മണി ശാന്തി, അഖിൽ ശാന്തി,സമാജം വൈസ് പ്രസിഡണ്ട് ഷിജിൻ തവരങ്ങാട്ടിൽ, ജോ: സെക്രട്ടറി ദിനേഷ് എളന്തോളി, മാതൃസംഘം സെക്രട്ടറി ഹേമ ആനന്ദ്, ട്രഷറർ അജിത രമേഷ്, വാർഡ് കൗൺസിലർഎം എസ് ദാസൻ, എസ് എൻ ബി എസ് സമാജം ഭാരവാഹികൾ, എസ് എൻ വൈ എസ് ഭാരവാഹികൾ, മാതൃസംഘം ഭാരാവാഹികൾ, എസ് എൻ ക്ലബ് ഭാരാവാഹികൾ, ശ്രീവിശ്വനാഥപുരം ക്ഷേത്ര വിശ്വാസികൾ എന്നിവർ പങ്കെടുത്തു.

## പൊന്നാട അണിയിച്ച് ആദരിച്ചു



ഇരിഞ്ഞാലക്കുട സെൻറ് തോമസ് കത്തീഡ്രൽ ദനഹ പെരുന്നാൾ ആഘോഷത്തോടനുബന്ധിച്ചുള്ള പ്രദക്ഷിണത്തിന് കൂടൽമാണിക്യം ദേവസ്വം പള്ളിവേട്ട ആൽത്തറക്ക് സമീപം സ്വീകരണം നൽകി. ഫാദർ ലാസർ കുറ്റിക്കാടൻ അവർകളെ ദേവസ്വം ബോർഡ് മെമ്പർമാരായ ഡോക്ടർ മുരളി ഹരിതം, അഡ്വക്കേറ്റ് കെ.ജി. അജയകുമാർ എന്നിവർ പൊന്നാട അണിയിച്ച് ആദരിച്ചു. പ്രദക്ഷിണത്തിൽ പങ്കെടുത്തവർക്ക് ലൈം ജ്യൂസും നൽകുകയുണ്ടായി.

### കോടതി പരസ്യം

**ബഹു: ചാലക്കുടി മുൻസിഫ് കോടതി മുമ്പാകെ**

O. S. 394/2025

ടെൻസ്റ്റാർ എൻറർപ്രൈസസ്, മോതിരക്കണ്ണി

-വാദി

ലിന്റോമോൻ K. L etc

-പ്രതികൾ

മേൽ നമ്പ്രിൽ 1-ാം പ്രതി ചാലക്കുടി താലൂക്ക് കുറ്റിച്ചിറ വില്ലേജ് പുളിങ്കര ദേശത്ത് കുറ്റിക്കാടൻ ലോനക്കുട്ടി മകൻ 43 വയസ്സ് ബിസിനസ്സ് ലിന്റോമോൻ. കെ എൽ. എന്നവർക്കുള്ള സമൻസ് പത്രത്തിൽ പരസ്യം ചെയ്ത് നടത്തുവാൻ കൽപ്പിച്ച് **21-2-2026** തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. ആകയാൽ മേൽ നമ്പ് അന്യായകാര്യത്തിൽ 1-ാം പ്രതിക്ക് എന്തെങ്കിലും ആക്ഷേപം/മറുപടി ബോധിപ്പിക്കുവാനുണ്ടെങ്കിൽ 21-2-2026 തിയ്യതി 11.00 മണിക്ക് കോടതി മുമ്പാകെ നേരിട്ടോ അഡ്വക്കേറ്റ് മുഖേനയോ ഹാജരായി ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ നമ്പിൽ നിയമാനുസരണം തീർപ്പ് കൽപ്പിക്കുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 11-11-2025
വാദി ഭാഗം അഡ്വക്കേറ്റ്
**തങ്കച്ചൻ ജോസ്,** (ഒപ്പ്)
ചാലക്കുടി

## സൗജന്യ തിമിര ശസ്ത്രക്രിയ ക്യാമ്പ്



ഇരിഞ്ഞാലക്കുട: മെട്രോ ഐ കെയർ, കണ്ണാശുപത്രിയുടെയും, ഹിന്ദു മിഷൻ ട്രസ്റ്റിന്റെയും,തൃശ്ശൂർ ജില്ലാ ലീഗൽ സർവീസ് സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ, മാരാംകോട് കമലകെട്ടിമല അരയകാപ്പ് കോള നിയിലെയു ,വീരാൻ കോളനിയിലെയും നിവാസികളായ ആദിവാസി കുടുംബാഗങ്ങൾക്ക് വേണ്ടി സൗജന്യ തിമിര ശസ്ത്രക്രിയ ക്യാമ്പ് നടത്തി. ക്യാമ്പിൽ പങ്കെടുത്തവരിൽ നിന്നും തിമിര ശസ്ത്രക്രിയ ആവശ്യമായി വന്ന എല്ലാവർക്കും ഇരിഞ്ഞാലക്കുട മെട്രോ കണ്ണാശുപത്രിയിൽ സൗജന്യമായി ശസ്ത്രക്രിയ ചെയ്തു നൽകും. ഹിന്ദു മിഷൻ ട്രസ്റ്റ് പ്രസിഡണ്ട് സന്തോഷ് ബോബൻ നേത്രരോഗ സർജൻ ഡോ.ഐശ്വര്യ സേവിയർ, മാനേജർ മുരളി ദത്തൻ, ഡോ: ശാസ്താകുമാർ, ലീഗൽ സർവീസ് സൊസൈറ്റി പ്രതിനിധികളായ രമീള, സാദിക്ക് എന്നിവർ ക്യാമ്പിന് നേതൃത്വം നല്കി.

## തൃശൂർ റെയിൽവേ സ്റ്റേഷനിൽ കത്തിയ ബൈക്കുകൾക്ക് റെയിൽവേ നഷ്ടപരിഹാരം നൽകണം



തൃശൂർ: റെയിൽവേ ഇലക്ട്രിക് ലൈനിൽ നിന്നും നിർബന്ധമായും പാലിക്കേണ്ട അകലം പാലിക്കാതെ ഹൈ പവർ എലക്ട്രിക് ലൈനിനു അടിയിലാണ് പെട്രോളുമായി ബൈക്കുകൾ പാർക്ക് ചെയ്തിരുന്നത്.

നൂറു കണക്കിന് ബൈക്കുകൾ പാർക്ക് ചെയ്യുന്നിടത്തു പ്രവർത്തനക്ഷമമായ അഗ്നിശമന ഉപകരണങ്ങൾ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. പാർക്കിംഗ് ഏരിയക്ക് മൊത്തമായ ഇൻഷുറൻസും എടുത്തിട്ടില്ല.

അപകട അവസരങ്ങളിൽ എടുക്കേണ്ട നടപടികളെക്കുറിച്ചു ജീവനക്കാർക്ക് ഒരു പരിശീലനവും നൽകിയിട്ടില്ല. ഇത്തരം ഒരുപാട് വീഴ്ചകൾ റെയിൽവയുടെ ഭാഗത്തു നിന്നും ഉണ്ടായതിനാൽ ബൈക്കുകൾ കത്തി നശിച്ചവരെ കൂടുതൽ ബുദ്ധിമുട്ടിക്കാതെ മതിയായ നഷ്ടപരിഹാരം ഉടനെ നൽകാനും, ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കാനും റെയിൽവേ തയ്യാറാകണമെന്നും യോഗം ആവശ്യപ്പെട്ടു.

നഷ്ടപരിഹാരം ഉടനെ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് തൃശൂർ റെയിൽവേസ്റ്റേഷൻ ധർണ അടക്കമുള്ള സമരപരിപാടികൾ സംഘടിപ്പിക്കാനും, നീതി ലഭിക്കാൻ ജില്ലാ കൺസ്യൂമർ കമ്മീഷൻ, റെയിൽവേ ട്രിബൂണൽ, സിവിൽ കോടതി, തുടങ്ങി എല്ലാ നിയമമാർഗങ്ങളും സ്വീകരിക്കാനും, റെയിൽവേ മന്ത്രി അഷ്‌വിനി വൈഷ്ണവ്, തൃശൂർ എം പിയും കേന്ദ്ര മന്ത്രിയുമായ സുരേഷ് ഗോപി എന്നിവർക്ക് നിവേദനം നല്കാനും യോഗം തീരുമാനിച്ചു

ഗ്രീൻ വയലൻസ് രക്ഷാധികാരി ഡോ എ സി ജോസ് യോഗം ഉദ്ഘാടനം ചെയ്തു.

ടു വീലർ യൂസേഴ്സ് അസോസിയേഷൻ ചെയർമാൻ ജെയിംസ് മുട്ടിക്കൽ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ജോണി പുല്ലോക്കാരൻ, വി ഗോപകുമാർ, സജി ആറ്റത്ര, കെ എസ് ശിവരാമൻ, ഹരി തൃത്തല്ലൂർ, അഡ്വ കെ എൻ കിരൺ, സുനിൽ ടി എം, ഗാർഗി കെ ആർ, ഫാ തോമസ് ചീരൻ, സതീഷ് വി വി, സുനിൽ ടി എം, രാജേഷ് പി, എന്നിവർ പ്രസംഗിച്ചു.

## നിര്യാതനായി

**ജയകുമാർ**



തൃശ്ശൂർ.സ്വാതന്ത്ര്യ സമര സേനാനിയും പത്ര പ്രവർത്തകനുമായിരുന്ന പരേതനായ എംആർ നായരുടെ മകൻ കുറ്റമുക്ക് മനവഴിയിൽ കഴിപ്പുറത്ത് ജയകുമാർ (62) അന്തരിച്ചു. ന്യൂമോണിയ ബാധിച്ച് ഏതാനും ദിവസമായി അമൃത ആശുപത്രിയിലായിരുന്നു. സംസ്കാരം ഇന്ന് ഉച്ചക്ക് ശേഷം നടക്കും.

കോൺഗ്രസ് പ്രവർത്തകനായ ജയകുമാർ സ്പീക്കർമാരായിരുന്ന വി എം സുധീരൻ, അഡ്വ.തേറമ്പിൽ രാമകൃഷ്ണൻ, മന്ത്രി പന്തളം സുധാകരൻ എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ അംഗമായിരുന്നിട്ടുണ്ട്. സംസ്ഥാന ഹോക്കി ടീമിൽ അംഗമായിരുന്ന ജയകുമാർ എക്സ്പ്രസ്സിൽ സ്പോർട്സ് ലേഖനങ്ങൾ എഴുതിയിരുന്നു. എ സി വി, ടി സി വി എന്നീ ചാനലുകളിലും പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ: ഇന്ദുലേഖ (പട്ടാളം റോഡ് പോസ്റ്റാഫീസ്) മകൻ: അനന്ദു കൃഷ്ണ.


